## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നം. 859 | 09-08-2017 ലെ<br>മറുപടി |

### തലശ്ശേരി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എൻ.ഷംസീർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ജലവിഭവ വകുപ്പ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിനു കീഴിൽ തലശ്ശേരി മുനിസിപ്പാലിറ്റിയിലെ കണ്ടുചിറ കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തലശ്ശേരിയിൽ സി.പി. സ്റ്റോൺ 2175 ന് അടുത്ത് തകർന്ന കടൽഭിത്തിയുടെ അടിയന്തിര അറ്റകുറ്റപണികൾ, പാലിശ്ശേരിയിൽ സി.പി.സ്റ്റോൺ 2182 ന് സമീപം തകർന്ന കടൽഭിത്തിയുടെ അറ്റകുറ്റ പണികൾ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ചെയ്യാനുള്ള എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള ജല അതോറിറ്റിയുടെ കീഴിൽ യു.ഐ.ഡി. എസ്.എസ്.എം.ടി പദ്ധതി പ്രകാരം നിലവിലുള്ള തലശ്ശേരി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം തുടർന്നു വരുന്നു. ഈ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഭൂജലവകുപ്പ് 2016-17 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 1,28,446/- രൂപ ചെലവഴിച്ച് കൃത്രിമഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>തലശ്ശേരി നിയോജക മണ്ഡലത്തിൽ കതിരൂർ പഞ്ചായത്തിനെ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ തെരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന് വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി) | ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് ജലസേചന വകുപ്പ് നിലവിലുള്ള ഇറിഗേഷൻ സ്ട്രക്ചറിന്റെ പുനരുദ്ധാരണത്തിനായുള്ള പ്രവൃത്തികളുടെ ഡി.പി.ആർ (നദീതടാടിസ്ഥാനത്തിൽ) തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കൂടാതെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ, പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കൽ എന്നിവ ആവശ്യകതയും ഫണ്ട് ലഭ്യതയുമനുസരിച്ച് നടപ്പിലാക്കുന്നതാണ്. 2017-18 ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.<br><br>കേരള ജല അതോറിറ്റിക്കു കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2016-17 ൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപയുടെ വയലളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി - പാർസിക്കുന്ന് ഉന്നതതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച തലശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട ചൊക്ലി ഗ്രാമപഞ്ചായത്തിലും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലുൾപ്പെട്ട പാനൂർ നഗരസഭയിലെ ഏതാനും പ്രദേശങ്ങളിലേയ്ക്കും കുടിവെള്ള വിതരണത്തിനായി 8350 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പദ്ധതിയ്ക്കാവശ്യമായ സ്ഥലം വിട്ടുതരുന്നതിന് സാങ്കേതിക കാരണങ്ങളാൽ സമ്മതമല്ലെന്ന് നാരായണഗുരുകുലവും തലശ്ശേരി ഗവൺമെന്റ് കോളേജ് അധികൃതരും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. സർവ്വേ പ്രകാരം മറ്റൊരു ഉചിതമായ സ്ഥലം സമീപ പ്രദേശങ്ങളിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിന് പാനൂർ നഗരസഭ, ചൊക്ലി ഗ്രാമപഞ്ചായത്ത്, ജനപ്രതിനിധികൾ എന്നിവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**